കൊത്തുപാറ ലിഫ്ട് ഇറിഗേഷനും അരീക്കോട് പഞ്ചായത്തിലെ പൂങ്കുടി ലിഫ്ട് ഇറിഗേഷനും

52 (3261) ശ്രീ. ഇസഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി മണ്ഡലത്തിലെ കീഴ്പറമ്പ് പഞ്ചായത്തിലെ കൊത്തുപാറ ലിഫ്ട് ഇറിഗേഷന്റെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) അരീക്കോട് പഞ്ചായത്തിലെ പൂങ്കുടി ലിഫ്ട് ഇറിഗേഷന്റെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി 29-5-2004-ൽ കമ്മീഷൻ ചെയ്തു.

(ബി&സി) അരീക്കോട് പഞ്ചായത്തിലെ പൂങ്കുടിയിലെ ചാലിയാർ ലിഫ്ട്. ഇറിഗേഷൻ പദ്ധതി 30-4-1998-ൽ കമ്മീഷൻ ചെയ്തു.

തേനാംപാറ, ലിഫ്ട് ഇറിഗേഷൻ പദ്ധതി

53 (3262) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃത്താല പഞ്ചായത്തിലെ തേനാംപാറ ലിഫ്ട് ഇറിഗേഷന്റെ കനാലുകൾ കയ്യേറിയിട്ടുണ്ടോ : എങ്കിൽ ഇത് തിരിച്ചെടുക്കാൻ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത ലിഫ്ട് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാൻ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ കനാലുകൾ കയ്യേറിയിട്ടുണ്ട്. നോട്ടീസ് കൊടുത്ത് ഒഴിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പുതുക്കിയ നിരക്ക് പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റിന് അംഗീകാരവും ആവശ്യമായ ഫണ്ടും ലഭ്യമായാൽ ഒന്നര വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly